**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 478** **08-06-2021 - ൽ മറുപടിയ്ക്ക്**

**കേരളബാങ്കിലെ കൂട്ടുപലിശ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ . എൻ . ഷംസുദീൻ ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ | | Shri. V. N. Vasavan<br>(സഹകരണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ നയത്തിന് വിരുദ്ധമായി കാർഷികേതര വായ്പകൾക്ക് കേരള ബാങ്ക് കൂട്ടുപലിശ ഈടാക്കുന്നുണ്ടോ; | (എ) | നിലവിൽ പല ജില്ലകളിലും കൂട്ടുപലിശ നിരക്കിൽ പലിശ ഈടാക്കി വരുന്നുണ്ട്. RBI-യുടെ നിയമ പ്രകാരം വായ്പകൾക്ക് കൂട്ടുപലിശ ഈടാക്കാവുന്നതാണ്. നിലവിൽ എല്ലാ പൊതുമേഖലാ ബാങ്കുകളും ഇപ്രകാരമാണ് പലിശ ഈടാക്കുന്നത്. |
| (ബി) | വാണിജ്യബാങ്കുകളുടെ ചൂഷണത്തിൽ നിന്നും സാധാരണക്കാരെ രക്ഷപ്പെടുത്തുന്നതിനായി രൂപീകരിച്ച കേരള ബാങ്ക്, അമിത പലിശ ഈടാക്കുന്നതിൽ സ്വകാര്യ ബാങ്കുകളെപ്പോലും പിന്നിലാക്കുന്നത് ഗൗരവമായി കണ്ട് സത്വര നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ബി) | സംസ്ഥാന സഹകരണ ബാങ്ക് റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഷെഡ്യൂൾഡ് ബാങ്ക് ആയതിനാൽ റിസർവ്വ് ബാങ്കിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതായിട്ടുണ്ട്. നിലവിൽ സംസ്ഥാന സഹകരണ ബാങ്കിൽ പലിശ സാധാരണ മാർക്കറ്റ് റേറ്റിന് അനുസരണമായി കുറച്ചതിനു ശേഷമാണ് കൂട്ടുപലിശ ഈടാക്കുന്നത്. ഇത് RBI നിർദ്ദേശിച്ചിരിക്കുന്ന രീതിയും, പല DCB കളിലും ഇപ്പോൾ തന്നെ നടപ്പിലുള്ളതുമാണ്. കേരള ബാങ്ക് ആയശേഷം ഏകീകരണത്തിന്റെ ഭാഗമായി RBI നിർദ്ദേശിച്ച വിധത്തിൽ മാറേണ്ടതുണ്ട്. തുക കൃത്യമായി തിരിച്ചടക്കുന്നവർക്ക് ഈ രീതി സഹായകമായതുകൊണ്ടാണ് റിസർവ്വ് ബാങ്ക് ഈ രീതി നിർദ്ദേശിച്ചിരിക്കുന്നത്. പലിശ ന്യായമായ വിധത്തിൽ കുറച്ച ശേഷം ഇങ്ങനെ ചെയ്യുമ്പോൾ കൃത്യമായി വായ്പ തിരിച്ചടക്കുന്ന വായ്പക്കാരെ ഒരു വിധത്തിലും ബാധിക്കാത്ത വിധത്തിലാണ് റിസർവ് ബാങ്ക് നിർദ്ദേശാനുസരണം കൂട്ടുപലിശ നടപ്പാക്കുന്നത്. സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഒറ്റ തവണ തീർപ്പാക്കൽ പദ്ധതിയിലൂടെയും, ബാങ്കിൽ നടപ്പിലാക്കിയിട്ടുള്ള റിക്കവറി മാനേജ്മെന്റ് പോളിസിയിലൂടെയും വായ്പാ കുടിശ്ശിക തീർപ്പാക്കുന്ന സമയത്ത് സർക്കാർ/ സഹകരണ സംഘം രജിസ്ട്രാർ പ്രഖ്യാപിക്കുന്ന ഇളവുകൾ ബാങ്ക് |

| | | | |
|---|---|---|---|
| | | | നൽകുന്നുണ്ട്. ആയതിനാൽ തന്നെ കൂട്ടുപലിശയുടെ അധിക ഭാരം ഇടപാടുകാർക്ക് ഉണ്ടാകുന്നില്ല. |

സെക്ഷൻ ഓഫീസർ